# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3837 15.03.2017 ലെ മറുപടിക്ക്

## കയർ സംഭരണം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കയർ മുഴുവൻ സംഭരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | എ) പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് വഴി ന്യായവില ഉറപ്പാക്കി സംഭരിക്കുക എന്നതാണ് സർക്കാർ നയം. ആദ്യ ഘട്ടത്തിൽ കയർ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയറാണ് കയർഫെഡ് വഴി സംഭരിക്കുന്നത്. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന പരമ്പരാഗത ചെറുകിട **ഉൽപ്പാദകരുടെ** മുഴുവൻ ഉൽപ്പന്നങ്ങളും കയർ കോർപ്പറേഷൻ സംഭരിക്കും. ഇതിനായി ക്രയവില സ്ഥിരതാഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 77 കോടി രൂപയിൽ നിന്ന് കയർഫെഡിന് 16,98,36,938/- രൂപയും, കയർ കോർപ്പറേഷന് 26,62,00,000/ രൂപയും ചേർത്ത് ആകെ 43,60,36,938/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട് |
| ബി) സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടിയാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്; | (ബി) സ്വീകരിച്ചിട്ടുണ്ട്. കയർപിരി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 300/- രൂപയും, മാറ്റ്സ് & മാറ്റിംഗ്സ് മേഖലയിൽ 500/- രൂപയും ലഭിക്കത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ കയർതൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; അതുവഴിശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് ഇപ്പോൾ വർദ്ധിച്ചിട്ടുള്ളത്; | സി) 2017-18 വാർഷിക പദ്ധതിയിൽ കയർ മേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് നിയന്ത്രണങ്ങൾ എടുത്തുമാറ്റി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനായി സർക്കാർ അവരുടെ ഉൽപ്പന്നങ്ങൾ മിനിമം കൂലി ഉറപ്പവരുത്തുന്ന വിലയ്ക്ക് വാങ്ങി സംഭരിക്കും. കൂടാതെ ആഭ്യന്തര വിപണിക്ക് ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോടെ 2017 സെപ്തംബർ മാസത്തിൽ ആലപ്പുഴയിൽ വച്ച് "കയർകേരള" സംഘടിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം |

| | |
|---|---|
| | ഉപയോഗ പ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പരിശ്രമത്തിലൂടെ കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. |
| ഡി) സംസ്ഥാനത്ത് സംഭരിക്കപ്പെടുന്ന കയർ ഏത് രീതിയിൽ വിറ്റഴിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; ഈ സർക്കാരിന്റെ കാലത്ത് കയർ ഉത്പന്നങ്ങളുടെ വിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും ന്യായവില ഉറപ്പാക്കി കയർഫെഡ് സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുന്നതാണ് . ഇതിനായി കയർഫെഡിനും കയർ കോർപ്പറേഷനും കൂടി 43,60,36,938/- രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കയർഫെഡ് 78823 ക്വിന്റൽ കയർ സംഭരിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ഇതുവരെ 84000 ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട് കയർ കോർപ്പറേഷൻ 2015-16 ൽ 8.14 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. നടപ്പുവർഷം നാളിതുവരെ 10 കോടി രൂപയ്ക്ക് മുകളിൽ കയറ്റുമതി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ